**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3763** **19.03.2018-ൽ മറുപടിക്ക്**

**തിരുവനന്തപുരം ജില്ലയിൽ കിഫ്ബി മുഖാന്തരം നടപ്പിലാക്കുന്ന പ്രവൃത്തികൾ**

| ചോദ്യം<br>ശ്രീ.സി.ദിവാകരൻ | മറുപടി<br>ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|
| (എ) തിരുവനന്തപുരം ജില്ലയിൽ കിഫ്ബി മുഖാന്തരം നടപ്പിലാക്കുന്ന എത്ര പൊതുമരാമത്ത് പ്രവൃത്തികൾ ഉണ്ടെന്നും, അവ ഏതെല്ലാം എന്നും വ്യക്തമാക്കുമോ; | (എ) തിരുവനന്തപുരം ജില്ലയിൽ കിഫ്ബി മുഖേന നടത്തുന്ന പൊതുമരാമത്ത് പദ്ധതികൾ<br>ദേശീയപാതാ വിഭാഗം<br>1. കരമന മുതൽ കളിയിക്കാവിള വരെയുള്ള റോഡ് വികസനം-ഒന്നാം ഘട്ടം രണ്ടാം റീച്ച് - പ്രാവച്ചമ്പലം മുതൽ വഴിമുക്ക് വരെ 6.5 കി.മീ റോഡിന്റെ വികസനം.<br>2. തീരദേശ ഹൈവേയുടെ പൂവ്വാർ മുതൽ കാപ്പിൽ വരെയുള്ള നിർമ്മാണം.<br>3. ശ്രീകാര്യം, ഉള്ളൂർ, പട്ടം ഫ്ളൈഓവറുകളുടെ നിർമ്മാണം.<br>നിരത്തുകളും പാലങ്ങളും വിഭാഗത്തിന്റെ പ്രവൃത്തികൾ അനുബന്ധം I ആയി ചേർത്തിരിക്കുന്നു.<br>കിഫ്ബി മുഖേന രജിസ്ട്രേഷൻ വകുപ്പിന് വേണ്ടി മലയിൻകീഴ്, കന്യാകുളങ്ങര, നേമം രജി. കോംപ്ലക്സ്, വർക്കല, ചിറയിൻകീഴ്, തിരുവല്ലം, കാഞ്ഞിരംകുളം, ആറ്റിങ്ങൽ, നാവായിക്കുളം എന്നീ സ്ഥലങ്ങളിൽ ഓഫീസുകൾ നിർമ്മിക്കുന്നതിന് കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനെ സ്പെഷ്യൽ പർപ്പസ് വെഹിക്കിളാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) ഇതിൽ ഏതെല്ലാം പ്രവൃത്തികൾക്ക് കിഫ്ബിയിൽ നിന്ന് അംഗീകാരം ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;<br>(സി) പ്രസ്തുത പ്രവൃത്തികളിൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചവ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ? | (ബി) & (സി) ദേശീയപാതാ വിഭാഗത്തിൽ കരമന - കളിയിക്കാവിള ഒന്നാം ഘട്ടം രണ്ടാം റീച്ച് പ്രാവച്ചമ്പലം മുതൽ വഴിമുക്ക് വരെയുള്ള 6.5 കി.മീ ആണ്. ഈ ഭാഗത്തെ വികസനത്തിനായി 2016-17 സാമ്പത്തിക വർഷം കിഫ്ബിയിൽ ഉൾപ്പെടുത്തി 162.46 കോടി രൂപയ്ക്ക് ഉത്തരവ് നമ്പർ 31/KIIFB/2016 തീയതി 18/11/2016 അനുസരിച്ച് അനുമതി ലഭിച്ചിട്ടുണ്ട്. ഇതിൽ ഭൂമി ഏറ്റെടുക്കൽ |

നടപടികൾ പൂർത്തീകരിച്ച പ്രാവച്ചമ്പലം മുതൽ ബാലരാമപുരം കൊടി നട വരെയുള്ള 5 കി.മീ ഭാഗത്തെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കി സാങ്കേതികാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ എടുത്തു വരുന്നു.

തീരദേശ ഹൈവേയുടെ നിർമ്മാണത്തിനായി സ.ഉ(സാധാ) നം.942/2017/ പൊ.മ.വ തീയതി 10/07/2017 പ്രകാരം 6500 കോടി രൂപ തത്വത്തിൽ അംഗീകാരം നൽകുകയും കിഫ്ബി വഴി നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ചിട്ടുള്ളതുമാണ്. കൂടാതെ പ്രസ്തുത പ്രവൃത്തിയുടെ നടത്തിപ്പിനായി സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി കെ.ആർ.എഫ്.ബി-യെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്. ഇതിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിൽ പൂവാർ മുതൽ കാപ്പിൽ വരെ 77.9 കി.മീ തീരദേശ ഹൈവേ നിർമ്മിക്കുവാൻ പദ്ധതിയുണ്ട്. ഇതിന്റെ ആദ്യഘട്ടത്തിൽ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന പൂവാർ മുതൽ തിരുവല്ലം വരെയുള്ള 21.6 കി.മീ ഭാഗത്തിന്റെ വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. ആയതിന് കിഫ്ബിയിൽ നിന്നും അംഗീകാരം ലഭിച്ചിട്ടില്ല. ശ്രീകാര്യം, ഉള്ളൂർ, പട്ടം എന്നീ ഫ്ളൈഓവറുകളുടെ നിർമ്മാണത്തിന് 272.84 കോടി രൂപയുടെ (സ്ഥലമെടുപ്പ്, നിർമ്മാണം ഉൾപ്പെടെ) ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി കെ.ആർ.ടി.എൽ മുഖേനയാണ് നടപ്പിലാക്കുന്നത്.

നിരത്തു വിഭാഗത്തിൽ കിഫ്ബി അംഗീകരിച്ച പ്രവൃത്തികൾ അനുബന്ധം II ആയും പ്രവൃത്തി ആരംഭിച്ച ലിസ്റ്റ് അനുബന്ധം III ആയും ചേർത്തിരിക്കുന്നു.

കെട്ടിട വിഭാഗത്തിൽ രജിസ്ട്രേഷൻ ഓഫീസുകളുടെ നിർമ്മാണം സംബന്ധിച്ച പ്രവൃത്തികൾ എല്ലാം തന്നെ കിഫ്ബി അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്.

സെക്ഷൻ ഓഫീസർ

## അനുബന്ധം-1

തിരുവനന്തപുരം ജില്ലയിൽ കിഫ്ബി മുഖാന്തിരം ഈ ഓഫീസിന്റെ കീഴിൽ നടപ്പിലാക്കുന്ന 2016-17 കാലയളവിൽ 16 പ്രവൃത്തികളും 2017-18 കാലയളവിൽ 20 പ്രവൃത്തികളും ഉണ്ട്. ചുവടെ പറയുന്നവയാണ് പ്രവൃത്തികൾ

| നം. | വർക്കിന്റെ പേര് |
|---|---|
| 2016-17 | |
| 1 | പേട്ട - ആനയറ- ഒരുവാതിൽകോട്ട റോഡ് |
| 2 | വഴയില- പഴകുറ്റി കച്ചേരിനട റോഡ് നാലുവരി പാത- 11-ാം കല്ല് |
| 3 | നെടുമങ്ങാട്- വെള്ളനാട്- അരുവിക്കര റോഡ് |
| 4 | വെഞ്ഞാറമൂട് റിംഗ് റോഡ് |
| 5 | പാലോട് - ബ്രൈമൂർ റോഡ് |
| 6 | പൊൻമുടി - ബ്രൈമൂർ റോഡ് |
| 7 | വാമനപുരം- ചിറ്റാർ റോഡ് |
| 8 | 50 എം.എം. ബി.എം & 30 എം.എം ബി.സി ഉപയോഗിച്ച് അമരവിള - ഒറ്റശേഖര മംഗലം റോഡ് പുനരുദ്ധാരണം. കി.മീ, 0/000 മുതൽ 12/200 വരെ |
| 9 | മുള്ളറവിള - ആയയിൽ പാലം |
| 10 | കന്നിപ്പുറം പാലം നിർമ്മാണം |
| 11 | ആലംകോട് - മീരാൻകടവ്- അഞ്ചുതെങ്ങ് മുതലപ്പൊഴി റോഡ് |
| 12 | ശിവഗിരി - റിംഗ് റോഡ് |
| 13 | മുതലപ്പൊഴി- വെട്ടൂർ - വർക്കല, നടയറ- പാരിപ്പള്ളി റോഡുകൾ |
| 14 | ചെറുന്നിയൂർ -ഒറ്റിയൂർ - മണമ്പൂർ - കിളിമാനൂർ റോഡ് |
| 15 | കുടുവീട്ടിൽക്കടവ് പാലം നിർമ്മാണം |
| 16 | കുമ്പിച്ചൽക്കടവ് പാലം നിർമ്മാണം |
| 2017-18 | |
| 1 | വട്ടിയൂർക്കാവ് ജംഗ്ഷൻ വികസനം |
| 2 | മണ്ണന്തല - പൗഡിക്കോണം റോഡ് |
| 3 | പഴകുറ്റി -മംഗലപുരം റോഡ് |
| 4 | പഴയചന്ത - കുടവനാട് റോഡ് |
| 5 | വെഞ്ഞാറമൂട് ബൈപ്പാസ് |
| 6 | വെള്ളായണി കായലിൽ കക്കാമൂല ബണ്ട് റോഡിന് സമാന്തരമായ പാലം നിർമ്മാണം |
| 7 | വക്കം - അഞ്ചുതെങ്ങ് പഞ്ചായത്തിലെ കായിക്കര പാലം നിർമ്മാണം |
| 8 | ശിവഗിരി തൊടുവേ പാലം ശിവഗിരി പാലം അപ്രോച്ച് റോഡ് |
| 9 | തിരുവനന്തപുരം- നെയ്യാർഡാം റോഡ് |
| 10 | നാവായിക്കുളം- കുടവൂർ റിംഗ് റോഡ് |
| 11 | ആഴംകോട് - ആലംകോട് റോഡ് |
| 12 | വിതുര - ബോണക്കാട് റോഡ് |
| 13 | പശുവണ്ണറ- അരുവിക്കര- കീഴാരൂർ റിംഗ് റോഡ് |
| 14 | അമരവിള- കൂട്ടപ്പന ശൂരവകാണി ആറുകാണി റോഡ് |
| 15 | പാറശ്ശാല- പനച്ചമൂട് റോഡ് |
| 16 | കരമന- നെടുങ്കാട്-കാലടി റോഡ് |
| 17 | മണക്കാട്- ആറ്റുകാൽ ക്ഷേത്രം റോഡ് |
| 18 | കിള്ളി- ഇ.എം.എസ് അക്കാഡമി റോഡ് |
| 19 | പുളിയറക്കോണം- കുഴക്കാട് ക്ഷേത്രം റോഡ് |
| 20 | പൊട്ടൻകാവ്-നെല്ലിക്കാട്- ചീനിവിള- ഊന്നാംപാറ- തുങ്ങാംപാറ-തിരാളിക്കുഴി-മുണ്ടുകോണം റോഡ് |

(ഒപ്പ്)

സെക്ഷൻ ഓഫീസർ

## അനുബന്ധം–2

### കിഫ്ബിയിൽ നിന്നും അംഗീകാരം ലഭിച്ച പ്രവൃത്തികൾ

| | വർക്കിന്റെ പേര് |
|---|---|
| 6–17 | |
| 1 | പേട്ട – ആനയറ– ഒരുവാതിൽകോട്ട റോഡ് |
| 2 | വഴയില– പഴകുറ്റി കച്ചേരിനട റോഡ് നാലുവരി പാത– 11–ാം കഷ്ണ് (സ്ഥലമെടുപ്പിനുള്ള ഭരണാനുമതി ലഭ്യമായിട്ടുണ്ട്.) |
| 3 | നെടുമങ്ങാട്– വെള്ളനാട്– അരുവിക്കര റോഡ് |
| 4 | വെഞ്ഞാറമൂട് റിംഗ് റോഡ് |
| 5 | പാലോട് – ബ്രൈമൂർ റോഡ് |
| 6 | വാമനപുരം– ചിറ്റാർ റോഡ് |
| 7 | 50 എം.എം. ബി.എം & 30 എം.എം ബി.സി ഉപയോഗിച്ച് അമരവിള – ഒറ്റശേഖര മംഗലം റോഡ് പുനരുദ്ധാരണം. കി.മീ, 0/000 മുതൽ 12/200 വരെ |
| 8 | കന്നിപ്പുറം പാലം നിർമ്മാണം |
| 9 | ആലംകോട് – മീരാൻകടവ്– അഞ്ചുതെങ്ങ് മുതലപ്പൊഴി റോഡ് |
| 10 | ശിവഗിരി – റിംഗ് റോഡ് |
| 11 | മുതലപ്പൊഴി– വെട്ടൂർ – വർക്കല, നടയറ– പാരിപ്പള്ളി റോഡുകൾ |
| 12 | ചെറുന്നിയൂർ –ഒറ്റിയൂർ – മണമ്പൂർ – കിളിമാനൂർ റോഡ് |
| 13 | കുടുവീട്ടീൽക്കടവ് പാലം നിർമ്മാണം |
| 14 | കുമ്പിച്ചൽക്കടവ് പാലം നിർമ്മാണം |

സെക്ഷൻ ഓഫീസർ

| | |
|---|---|
| അനുബന്ധം-3 | |
| നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ച പ്രവൃത്തികൾ | |
| നം. | വർക്കിന്റെ പേര് |
| 2016-17 | |
| 1 | വെഞ്ഞാറമൂട് റിംഗ് റോഡ് |
| 2 | പാലോട് - ബ്രൈമൂർ റോഡ് |
| 3 | വാമനപുരം- ചിറ്റാർ റോഡ് |
| 4 | 50 എം.എം. ബി.എം & 30 എം.എം ബി.സി ഉപയോഗിച്ച് അമരവിള - ഒറ്റശേഖര മംഗലം റോഡ് പുനരുദ്ധാരണം. കി.മീ, 0/000 മുതൽ 12/200 വരെ |

സെക്ഷൻ ഓഫീസർ